# ആടിയറുതി

************************

കർക്കിടകരാത്രി വിതുമ്പി വീഴ്ത്തിയ കണ്ണീർത്തുള്ളികൾ ചെമ്പരത്തി ചെടിയിലും തുളസിത്തറയിലും മുറ്റത്തെ വെട്ടിയൊതുക്കിയ പുൽപ്പരപ്പിലും പടർത്തിയ നനവിലേക്ക് അവൾ ഒരു നിമിഷം നോക്കി നിന്നു.നടുത്തളത്തിലെ ഒട്ടുരുളിയിൽ അവൾ വെള്ളം നിറച്ചു പൂർണമായും വിടരാത്ത ചെമ്പരത്തി പൂക്കൾ വെള്ളത്തിനു മീതെ ഭംഗിയിൽ അടുക്കി.

റിസപ്ഷൻ ഏരിയായിലേക്ക് താമരപ്പൂക്കൾ സെക്യൂരിറ്റി പയ്യൻ കൊണ്ടു വച്ചിട്ടുണ്ടാകും.അവളുടെ കണ്ണുകൾ പുതിയ സെക്യൂരിറ്റിപയ്യനെ തിരഞ്ഞു..പോയിട്ടുണ്ടാകും.
കട്ടിയുള്ള പുരികങ്ങളെ ചേർത്തു കൊണ്ടു വരയ്ക്കുന്ന കുങ്കുമക്കുറിയും ഗണപതിഹോമത്തിന്റെ കരിപ്രസാദവും ആണുങ്ങളുടെ നെറ്റിയിൽ അവൾക്ക് ഇഷ്ടമായിരുന്നു .അത് കൊണ്ടാണ് ഇച്ചിരി വഷളൻ ആണെന്നറിഞ്ഞിട്ടും പുതിയ സെക്യൂരിറ്റിക്കാരൻ പയ്യൻ ഇളിച്ചു കൊണ്ടു വർത്താനം പറയാൻ വരുമ്പോൾ അവൾ സംസാരിക്കുന്നതും.അപ്പോഴൊക്കെയും എവിടൊക്കെയോ അവളിൽ ആഴത്തിൽ മുളപൊട്ടുന്ന ചില മൃദുല ചിന്തകൾ തളിർത്തുണ്ടാകുന്ന വല്ലരികളിലൂടെ ഇഴഞ്ഞു കയറിഅവൾ മറ്റൊരു ലോകത്ത് ജീവിച്ചു.
"ചേച്ചിക്കു വാട്സ്ആപ്പ് ഇല്ലേ?
ഫേസ്ബുക്കിലും ഇൻസ്റ്റയിലും ഇല്ലേ?"
ആ ചോദ്യം കേൾക്കുമ്പോ അവൾക്കു ദേഷ്യം വരും. അവൾക്കും ഒരു കാലം ഉണ്ടായിരുന്നു.
ലാഭക്കണക്കുകൾമാത്രം നാട്ടുകാരെ കാണിച്ചിരുന്ന ഫേസ്ബുക് അക്കൌണ്ട്.
ഒരു പക്ഷെ ചെന്നൈയിലെ പ്രളയ കാലം അവളുടെ അച്ഛന്റെ കുടുംബ ബിസിനസ് തകർക്കാതിരുന്നെങ്കിൽ...
അവർ നാട്ടിലേക്ക് വരാതിരുനെങ്കിൽ....
അയാൾ അവളുടെ ഉള്ളിൽ പ്രണയത്തിന്റെ വിത്ത് പാകാതിരുന്നെങ്കിൽ..
മഹാവ്യാധി എല്ലാരേയും ഒറ്റപ്പെടുത്താതിരുന്നെങ്കിൽ ......എല്ലാം മടുത്ത്
അവളുടെ അച്ഛൻ ആത്മഹത്യ ചെയ്യാതിരുന്നെങ്കിൽ..

ഇടയ്ക്കു പഴയ ഫേസ്ബുക് അക്കൗണ്ടിൽ കയറി കുടുംബമൊത്തുള്ള യാത്രകളുടെ ഫോട്ടോകൾ അവൾ കാണുമായിരുന്നു. ഇപ്പോ അതും ചെയ്യാറില്ല.ഇപ്പോഴുള്ള നഷ്ടങ്ങളുടെ ഓർമപ്പെടുത്തലാണ് അവൾക്കു ഫേസ്ബുക് അക്കൗണ്ട്.

പനയോല മെനഞ്ഞ ചെറിയ വട്ടിയിൽ നിന്നും താമര മൊട്ടുകളും ഏതാനും ചെണ്ടു മല്ലി പൂക്കളും എടുത്തു.
സമയം ഏഴാകുന്നതേ ഉള്ളൂ.ട്രീറ്റ്മെന്റ് റൂമിലേക്ക് നടന്നു..പഞ്ഞ മാസമെന്നു പഴി പറയുമ്പോഴും ആയുർവേദ ചികിത്സകർക്കു കർക്കിടകമാണ് പഥ്യം.
ധന്വന്തരി ചിത്രത്തിൽ വണങ്ങി ലക്ഷ്മി വിളക്ക്
കത്തിച്ചു.തടിമേശമേലുള്ള.പഴയ പൂക്കൾ മാറ്റിയ ശേഷം അവൾ മലയാളം ടേബിൾ കലണ്ടർ തീയതി സെറ്റ് ചെയ്തു.
കർക്കിടകം 18.
ആടി പതിനെട്ട്
ആടി പെരുക്ക ദിവസം.അച്ഛന്റെ ഊരിൽ ഇന്ന് വിശേഷമാണ്. വറ്റി വരണ്ടു തുടങ്ങിയ ഭൂമിയിൽ മുളയരി(വിതയ്ക്കാനുള്ള നവധാന്യങ്ങൾ) വിതറി മധുരം കൊടുത്തു ഭൂമിയെയും നദികളെയും സന്തോഷിപ്പിക്കുന്ന ദിവസം.പുതു ജീവൻ നാമ്പിടുന്ന സന്തോഷം മുൻകൂട്ടി ആഘോഷിക്കുന്ന ദിനം.
കേരളത്തിൽ കർക്കിടകം പൊതുവെ ആർക്കും ഇഷ്ടമല്ല. അമ്മയുടെ അമ്മ "കള്ള കർക്കിടകം"എന്നാണ് പറയാറുള്ളത്.എങ്കിലും കർക്കിടകത്തോടും ആ മുറ്റത്തെ ഗന്ധരാജൻ പൂക്കളോടും രുക്മക്ക് സ്നേഹമായിരുന്നു.
കൗമാരം യൗവനത്തിലേക്കു കാലെടുത്തു വയ്ക്കുമ്പോൾ ഗന്ധരാജൻ പൂക്കൾ നേരിട്ട് ആസ്വദിക്കുന്നതിനേക്കാൾ പൂവെടുത്തു മാറ്റിയ മുടിക്കെട്ടിനാണ് ഏറെ ഗന്ധം എന്ന് വിശ്വസിപ്പിച്ചു കൊണ്ട് അയാൾ എത്തി.

ഓർമകൾക്ക് മേൽ പെയ്ത കർക്കിടക തുള്ളികൾ കഴുത്തിൽ ഉരഞ്ഞു നീങ്ങിയ മേൽചുണ്ടിലെ കട്ടിയുള്ള രോമങ്ങൾ പോലെ അവളെ ഇക്കിളിയാക്കി.
“ഞാനമ്മ വച്ച തുടുപ്പിച്ചൊരോർമയിൽ നീയൊരു ജന്മം പിരിഞ്ഞു ജീവിക്കുമോ??
മലയാളകവിതകളോടുള്ള അവളുടെ ഇഷ്ടം മനസിലാക്കി
പ്രശസ്ത കവിയുടെ വരികളുമായി അയാൾ അവളിലേക്ക് പടർന്നു കയറി ഇന്നും ശ്വാസം മുട്ടിക്കുന്നു.”
അവൾ കൈത്തണ്ടയിൽ നോക്കി.ഇരുനിറമുള്ള കൈത്തണ്ടയിൽ അവിടവിടെ ചെറിയ മുറിപ്പാടുകൾ. അവയിൽ മെല്ലെ തലോടും തോറും ഉള്ളം കാലിൽ നിന്നും ഉച്ചി വരെ ഉണ്ടാകുന്ന ഉൾപ്പുളകം.

ഒരിക്കൽ വാസനിച്ച പൂക്കളുടെ ഗന്ധം ഓർത്തെടുക്കുന്ന പോലെയോ.,,
ഒരിക്കൽ നുണഞ്ഞ മധുരക്കനിയുടെ ഓർമ നാവിൽ വെള്ളം കിനിയിക്കുന്ന പോലെയോ..,
ആടി പതിനെട്ടിന് വിതറുന്ന നവധാന്യങ്ങൾ കിളിർപ്പിക്കുന്ന തെളിനീരിന്റെ കുളിർമ പോലെയോ ഉള്ള ഒരു വികാരം.

ആർത്തലച്ചുപെയ്ത ഒരു കർക്കിടകമാസം അവളിൽ നിറഞ്ഞു.ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിനി ആയിരിക്കുമ്പോഴാണ് കുടുംബത്തോടൊപ്പം അവൾ നാട്ടിലെത്തിയത്.രണ്ടാം നിലയിലെ അടച്ചിട്ട മുറിയിലെ ഏകാന്തയിൽ ട്യൂഷൻ അദ്ധ്യാപകനായ അയാളുടെ നോട്ടങ്ങളിൽ തുടങ്ങിയ അസ്വസ്ഥത അർദ്ധബോധത്തിലെ അനുഭൂതിയിലേക്ക് എത്താൻ അധിക നാളുകൾ വേണ്ടി വന്നില്ല.ഇതുപോലൊരു കർക്കിടക മഴ തണുപ്പ് കൈ നീട്ടി വാങ്ങുമ്പോഴാണ് ആദ്യമായി അയാൾ കുപ്പിവളകൾ ഞെരിച്ചുടച്ചത്.
പക്ഷെ വേദനിച്ചില്ല. അയാളുടെ ചുണ്ടുകൾക്കുള്ളിൽ ചോരയുടെ രുചിക്കു അന്ന് മധുരം തോന്നിയിരുന്നു.
"ഈ തുണിയിലെ ചോരക്കറ പോകാൻ സാധാരണ നിങ്ങൾ പെണ്ണുങ്ങൾ എന്താ ചെയ്യാറ്"??എന്ന് ചെറു ചിരിയോടെ ചോദിച്ച ഷർട്ട് അഴിച്ചു കയ്യിൽ വച്ചു സൂക്ഷ്മതയോടെ അയാൾ പരിശോധിക്കുമ്പോൾ, ഏതു മഴയാണ് അടിവയറ്റിൽ തീച്ചൂടായി ഉരുകി ഇറങ്ങുന്നത് എന്നറിയാതെ പുറത്തെ മഴതുള്ളികളെക്കാൾ വേഗത്തിൽ വിയർപ്പു തുള്ളികൾ അവളുടെ കഴുത്തിലെ ചന്ദനതരിയെ കുതിർത്തു ചേർത്തു കൊണ്ടു താഴ്‌വാരങ്ങൾ തേടി ഒഴുകി.
പിന്നീടും പല പകലുകളിലും പല നിറങ്ങളിൽ കുപ്പിവളകൾ ഞെരിഞ്ഞുടഞ്ഞു.
ആ രാത്രികളിലെല്ലാം ചില്ലു കഷണങ്ങൾ തറഞ്ഞ കൈത്തണ്ടകളും ദന്തക്ഷതങ്ങളിൽ നീറുന്ന മാറിടങ്ങളുമായി ഉറങ്ങാതെ അസ്വസ്ഥതയോടെ തിരിഞ്ഞും മറിഞ്ഞും രാത്രികൾക്ക് പകലിനെക്കാൾ ദൈർഘ്യം കൂടുതൽ ആണെന്ന് അവൾ തിരിച്ചറിഞ്ഞു കൊണ്ടിരുന്നു.
ട്യൂഷൻ കഴിയുമ്പോൾ ബാത്‌റൂമിൽ അവളുടെ കഴുത്തിൽ കുങ്കുമവും കരികുറിയും പടർന്നു പിടിച്ചിരുന്നതു നോക്കി കിതച്ചു.

ഇന്നും ഓർക്കുമ്പോൾ അറിയാതെ അവളുടെ കൈകൾ കഴുത്തിൽ നിന്നും ഇല്ലാത്ത കുറിക്കൂട്ട് തുടച്ചു നീക്കി.
ഒരക്ഷരം പറയാതെ അയാൾ എങ്ങോട്ടാണ് പോയത്.രുക്മക്ക് ഫേസ്ബുക്കോ വാട്സ്ആപ്പോ ഉള്ളത് അയാൾക്കു സഹിക്കില്ലായിരുന്നു. അയാൾ സ്വാർത്ഥനായിരുന്നു.
അത്യധികം മുറിവേൽപ്പിക്കുന്ന സ്നേഹം..
ശ്വാസം മുട്ടിച്ചു കൊല്ലുന്ന സ്നേഹം...
അയാൾക്ക് മറ്റൊരാളെ സ്നേഹിക്കാൻ കഴിയില്ല..
അയാൾക്ക് വരാതിരിക്കാനും കഴിയില്ല.
ഫോണിൽ വിളിച്ചാൽ സ്വിച്ച് ഓഫ് ആണ്.അച്ഛന്റെ മരണവാർത്തമെസ്സേജ് അയച്ചിരുന്നു.അച്ഛന്റെ ഏതോ പരിചയയക്കാരൻ വഴി വന്ന ട്യൂഷൻ സാറാണ്. അന്നത്തെ മാനസികാവസ്ഥയിൽ കൂടുതൽ ഒന്നിനും കഴിഞ്ഞില്ല. മറ്റൊരു നാട്ടിൽ പഠിച്ചു വളർന്ന തനിക്കു ഇവിടെ ആരോട് ആണ് അയാളെ പറ്റി അന്വേഷിക്കാൻ കഴിയുക?
ചോര പൊടിയാൻ വെമ്പുന്ന മുറിപ്പാടുകൾ രാത്രികളിൽ അവളെ അലോസര പ്പെടുത്തുന്നുണ്ടായിരുന്നു .

ഉച്ചക്ക ഭക്ഷണം കഴിക്കുമ്പോൾ
അവൾ ആ പാടുകളിലേക്കു നോക്കി മനു പറഞ്ഞു
"ദേ പണി കഴിയുമ്പോ എന്റെ കൂടെ പോര് .ചൊറി പിടിച്ചപോലുണ്ട്. രണ്ടു റോസാപ്പൂ വരച്ച സെറ്റ് ആക്കാം .അതും ഡിസ്കൗണ്ടിനു."

തെറാപ്പിസ്റ്റുകൾ വളയോ വാച്ചോ ഉപയോഗിക്കാറില്ല അത് കൊണ്ട് തന്നെ മിക്ക തെറാപ്പിസ്റ്റുകളുടെയും കയ്യിൽ മനുവിന്റെ കലാവിരുത് ഉണ്ട്.

"ഇനി കർക്കിടകം തീരുന്നവരെ രുക്മ ഏഴിന്റെ കാര്യം നോക്കണം.സ്മിതയും കാണും.ഡോക്ടർ ക്കു വേണ്ടപ്പെട്ടപേഷ്യൻറ്റ് ആരോ ആണ്. ഏഴിൽ ഉള്ളത്."ഡോക്ടർ വരദ അത് പറഞ്ഞിട്ട് പോയി
ഡോക്ടർക്കു വേണ്ടപ്പെട്ട ആരോ ആകുമ്പോ ടിപ് കിട്ടുന്ന കാര്യം സംശയം ആണ്. അതുകൊണ്ട് പലർക്കും വേണ്ടപ്പെട്ട ആൾക്കാരെ താല്പര്യകുറവാണ്.

ഉച്ചയൂണിന് ശേഷമുള്ള രണ്ടാമത്തെ സെഷനു ഏഴാം നമ്പർ റൂമിലേക്ക് പോയി.
വെളുത്ത സുന്ദരിയായ ഒരു യുവതി. തോളൊപ്പം ഭംഗിയിൽ ലയർ കട്ട് ചെയ്തു വൃത്തിയാക്കിയ മുടി.വീട്ടുജോലികൾ ഒന്നും തന്നെ ചെയ്യേണ്ടി വരുന്നുണ്ടാകില്ല. കൈകളും കാലുകളുമെല്ലാം നല്ല മൃദുവാണ്. ത്രെഡിങ് ചെയ്തു പുരികവും വാക്സ് ചെയ്ത കാലുകളും കക്ഷവും തുടയിടുക്കുകളും കണ്ടാൽ അറിയാം അവർ സൗന്ദര്യത്തിൽ എത്രത്തോളം ശ്രദ്ധയുള്ളവൾ ആണെന്ന്.

കാഴ്ചകൾക്കും അപ്പുറം പേഷ്യൻറ്റ് ആയി വരുന്ന സ്ത്രീകളിൽ ഓരോരുത്തരുടെയും ജീവിത സാഹചര്യം മിക്കപ്പോഴും അവരുടെ വിവസ്ത്രതയിൽ വ്യക്തമാകും.ഒരു പക്ഷെ നിർദേശിക്കുന്ന ഡോക്ടറെക്കാൾ കൂടുതൽ തെറാപ്പിസ്റ്റുകൾക് അത് അറിയാൻ പറ്റും.
തടി കൊണ്ടുള്ള പീഠത്തിൽ കിഴക്കോട്ടു നോക്കി അവരെ ഇരുത്തിയ ശേഷം രുക്മ അവരുടെ തലയിൽ കൈ വച്ചു കണ്ണടച്ച് പ്രാർത്ഥിച്ചു
ഇയാളുടെ പേരെന്താ?"
രുക്മ.

പൊടികൾ ചേർത്തു തിരുമ്മുന്ന ഉദ്വർത്തനത്തിനിടയിൽ നടക്കാറുള്ള സാധാരണ പരിചയപ്പെടൽ

മറ്റേ കുട്ടി എവിടെ??
അഭ്യംഗം കഴിഞ്ഞു തലയിൽ രാസ്നാദി ചൂർണം വയ്ക്കുമ്പോൾ രുക്മയുടെ ചിന്തകളുടെ നൂലറ്റം പൊട്ടിച്ചു കൊണ്ട് അവർ മൃദുവായി ചോദിച്ചു.
"കാലിനെന്തോ ചെറിയ പ്രശ്നം പറ്റി. രണ്ടാഴ്ച കഴിഞ്ഞു വരും." അവൾ മറുപടി പറഞ്ഞു

എണ്ണയുഴിയുമ്പോൾ അങ്ങിങ്ങായി നീര് കല്ലിച്ചു കിടപ്പുണ്ടായിരുന്നു. വെളുത്ത ശരീരത്തിൽ അവിടവിടെ തവിട്ടു നിറത്തിൽ
പൊള്ളിയ പോലുള്ള പാടുകൾ.. അടികൊണ്ടു നീലിച്ച പാടുകൾ...
കഴുത്തിൽ കുരുക്കിട്ട പാട്...
തിരുമ്മി മലർന്നു കിടക്കുന്ന അവരുടെ ഇടതു കൈത്തണ്ടയിൽനിന്നും കൈത്തലം നോക്കി പറന്നുയരുന്ന കറുത്ത പക്ഷികൾ...
എണ്ണയുഴിയവേ അവൾക്ക് മറ്റൊരു സത്യം മനസിലായി.
കൈത്തണ്ടയിലെ നീണ്ട മുറിവ് മറച്ചു കൊണ്ടാണ് ആ പക്ഷികൾ പറന്നുയരുന്നത്.
അവൾ സ്മിതയെ നോക്കി. പേടിച്ച പോലെ കണ്ണുകൾ വിടർത്തികൊണ്ട് സ്മിത ആ സ്ത്രീയുടെ മാറിടത്തിൽ നോക്കുന്നു.

കഴുത്തിനും മാറിനും ഇടയിലായി പൊള്ളിയ പോലെ പാടുകൾ.
ഒന്ന് കൂടി അവൾ പേപ്പറിലൂടെ കണ്ണോടിച്ചു.
നാരങ്ങാകിഴി പറഞ്ഞിട്ടുണ്ട്.ശരീരത്തിൽ നീര് ഉണ്ടാകും.
പിറ്റേന്ന് ഫുൾ സ്ലീവും കോളറും വച്ച ചുരിദാറും തികഞ്ഞ ശാന്തതയും ചെറുപുഞ്ചിരിയും തുന്നിചേർത്ത മുഖാവരണവും കണ്ടു സഹതാപത്തോടെ ചിരിക്കാനേ അവർക്കു കഴിഞ്ഞുള്ളൂ.

ദിവസങ്ങൾ പെയ്തൊഴിഞ്ഞു.
"പാടുകളുടെ മേൽ മൃദുവായി തിരുമ്മുമ്പോൾ നമുക്കൊക്കെ പടം പൊഴിക്കാൻ കഴിവുണ്ടായെങ്കിൽ അല്ലെ സ്മിതാ ?
"എന്ന് അവർ ചെറു ചിരിയോടെ ചോദിച്ചു

"അതെന്താ മാഡം?"
എന്ന ചോദ്യത്തിന്ന് അവരൊരു കർക്കിടകമഴയായി പെയ്തു.
സ്മിതയോട് സംസാരിക്കുന്ന കൂട്ടത്തിൽ അവർ പലതും പറഞ്ഞു..
പഠിക്കുന്ന കാലം മുതലുള്ള പ്രണയം...
എന്തിനും ഏതിനും അയാളുടെ വിലക്കുകളെ അമിത സ്നേഹമായി തെറ്റിദ്ധരിച്ചത്..വേദനിപ്പിക്കുന്ന ചുംബനങ്ങൾ.
എല്ലൊടിക്കുന്ന ആലിംഗനങ്ങൾ.
ആദ്യരാത്രിയിലെ വിചിത്രമായ ഉപദ്രവങ്ങൾ....പല സ്ത്രീകളുമായുള്ള സമാഗമങ്ങൾ
ഓരോ പാടുകളുടെയും കഥകൾ...
ആത്മാവിനു സ്വാതന്ത്ര്യം കൊടുക്കണം. അതിനു ഞാൻ കണ്ടെത്തിയ മാർഗം എന്റെ ഇടതു കൈത്തണ്ട യിൽ മറഞ്ഞു കിടപ്പുണ്ട്.

പിന്നെ ഞാൻ തന്നെ എന്നെ സ്വതന്ത്രയാക്കി.ഇപ്പോ ഞാൻ ഈ പക്ഷികളെ പോലെയാണ്.
ആം ലൈക് ദീസ്
ഫ്രീ ബേർഡ്സ്.. ഫ്ലയിങ് ബേർഡ്സ് "!!

എനിക്ക് എന്തൊക്കെ ചെയ്യാൻ കിടക്കുന്നു. ഒരുപാട് കാര്യങ്ങൾ ഉണ്ട്. ആ പത്തു വർഷങ്ങൾ ഞാൻ മായ്ച്ചു കളയും.അവർ പറഞ്ഞു നിർത്തി.

"മാനസിക പ്രശ്നമാണെങ്കിൽ.. ട്രീറ്റ്മെന്റ് കൊടുത്താൽ..." സ്മിതയെ മുഴുമിക്കാൻ അവർ അനുവദിച്ചില്ല.

"സ്മിതാ.. അയാളുടെ ഭ്രാന്തിന് കാവലിരിക്കാൻ ഞാനൊരു മാസോക്കിസ്റ്റ് അല്ല.
വിവാഹത്തിന് മുൻപ് അത് അയാളുടെ പോസ്സസീവ്നെസ്സ് എന്ന് ഞാൻ തെറ്റിദ്ധരിച്ചു. അയാൾക്കു എന്നോടുള്ള സ്നേഹം സത്യമാണെന്നു ഞാൻ കരുതി. കാര്യങ്ങൾ സാധിച്ചെടുക്കാനുള്ള എളുപ്പവഴിക്കു വേണ്ടി അയാൾ എട്ടു വർഷം കാത്തിരുന്നു എന്നതാണ് സത്യം.ഈ എട്ടു വർഷങ്ങൾക്കിടയിൽ അയാൾ ആരെയൊക്കെ സ്നേഹിച്ചിരുന്നെന്നോ അയാളെ ആരൊക്കെ സ്നേഹിച്ചെന്നോ എന്റെ കയ്യിൽ കണക്കുകൾ ഇല്ലാ.
ഞാൻ വേദനിപ്പിച്ചവരുടെ വേദന...
ഞാൻ അനുഭവിച്ച വേദന...
ഇതൊക്കെ ഞാൻ സ്നേഹത്തിനു വേണ്ടി കണ്ടില്ലെന്നു വയ്ക്കും. കാരണം ഞാനൊരു സ്ത്രീയാണ്.
സ്നേഹം പകുത്ത് കൊടുക്കാൻ താല്പര്യം ഇല്ലാത്തതു കൊണ്ടു
ജനിക്കേണ്ട കുഞ്ഞിനെ വേണ്ടാന്ന് പറയുന്ന ഒരാൾക്ക് സ്നേഹം സ്വാർത്ഥത ആകുന്ന മാനസികാവസ്ഥ എനിക്ക് മനസിലാകില്ല. കാരണം അപ്പോഴും ഞാൻ ഒരു സ്ത്രീയാണ്."

രുക്മ ശ്രദ്ധിച്ചത് അതെല്ലാം പറയുമ്പോഴും അവർ ശാന്തത കൈവിട്ടില്ല.വികാരാധീനയായി കണ്ടില്ല.
പുഴുക്കുത്തേറ്റ് നിറം മങ്ങിയാലും സുഗന്ധം പരത്തുന്ന ചില ഗന്ധരാജൻ പൂക്കളെ രുക്മ ഓർത്തു പോയി.

മുറിയിൽ മൃത്യുഞ്ജയ മന്ത്രത്തിന്റെ നേർത്ത ശബ്ദം മാത്രമായി .നിശബ്ദരായി കിഴി ചൂടാക്കി ചതവുകളിൽ പൂവിതളിനെ സ്പർശിക്കുന്നത് പോലെ മൃദുവായി അമർത്തി. ആ നിമിഷങ്ങളിൽ അവരും സ്ത്രീകളായി മാറിയിരുന്നു.

കർക്കിടകം തീരാൻ രണ്ടു ദിനം ബാക്കി.നാലാമത്തെ ആടിചൊവ്വ ദിവസം അവർ മനുവിനെ കണ്ടു.ഊണ് കഴിക്കുമ്പോൾ
സ്മിതയെ കണ്ടതും മനു ഓടി വന്നു.
അതേ ഒരു വിശേഷം ഉണ്ടായി.നിങ്ങടെ ഏഴിലെ മൂന്നമണി പേഷ്യന്റ്റ് ഇന്നലെ ടാറ്റു സ്റ്റുഡിയോയിൽ വന്നിരുന്നു. എവിടാണ്ടൊക്കെയോ പാടുകൾ ഉണ്ട് അതൊന്നു മറയ്ക്കണം എന്ന് പറഞ്ഞിട്ട്. നമ്മടെ വരുൺ ഡോക്ടറുടെ കസിൻ ആണ്.
പുള്ളിക്കാരിയുടെ ഭർത്താവ് ഒരു സൈക്കോ ആണ്. ആ പ്രാന്തന്റെ
ആർട്ട് വർക്ക് ആണ് അവരുടെ ദേഹം മൊത്തം.കോളേജ്
ലക്ച്ചർ ആണ് പോലും ഇവനൊക്കെ പഠിപ്പിക്കുന്ന പിള്ളേര് എങ്ങനായി വരുവോ.
ഉപദ്രവം പോരാത്തതിന് പുള്ളിക്ക് കുറേ ഇടപാടുകളും ഉണ്ട്. ഇവര് കയ്യോടെ പൊക്കിയപ്പോ പ്രശ്നം ആയി. രക്ഷപെട്ടു വന്നതാണ്. പാവം. ഇരുപത്തി എട്ടു വയസേ ഉള്ളൂ.ഒരായുസിന്റെ അടയാളം അവരുടെ ശരീരത്തിൽ ഉണ്ടെന്നാണ് പറഞ്ഞത്.അകന്ന ബന്ധത്തിൽ ഉള്ളവൻ. ഗതികെട്ടു ട്യൂഷൻ പഠിപ്പിച്ചു നടന്നത്.
എട്ടു വർഷം പ്രേമിച്ച ശേഷം കെട്ടിയത്. ഇവരുടെ കാശ് കൊണ്ടു പഠിച്ചു. ഇവരുടെ കാശ് കൊണ്ടു കോളേജിൽ ജോലിയും വാങ്ങി.ഒടുവിൽ ഇവരുടെ കൈയ്ക്കു തന്നെ കൊത്തി.കണ്ടാൽ പറയില്ല. ചീങ്കണ്ണി. നോക്കിക്കേ "

വരുൺ ഡോക്ടറുടെ ഫേസ്ബുക് ന്നു കിട്ടിയ ഫോട്ടോ ഒന്നേ നോക്കിയുള്ളൂ.കറുത്ത ഇടതൂർന്ന പുരികങ്ങൾക്ക് നടുവിൽ
കറുത്ത കരികുറിയും കടും ചുവപ്പ് സിന്ദൂരവും ചേർത്തു തീർത്ത പാലം.
രുക്മയുടെ തൊണ്ടയിലെവിടെയോ ഒരുരുള തടഞ്ഞു.
ഓരോ ഉരുളകൾ ഉരുട്ടി വയ്ക്കുമ്പോഴും വായ്ക്കുള്ളിൽ വയ്ക്കാൻ പോലും ഉയർത്താൻ കഴിയാത്ത അത്രയും ഭാരം കൈകൾക്ക് തോന്നി.
കൈത്തണ്ടയിൽ പലയിടത്തും വിഷ സർപ്പങ്ങൾ കൊത്തിയ പോലെ വേദനിച്ചു.
അടിവയറ്റിൽ മുള്ളുകൾ തറഞ്ഞു.

അവൾക്കു സംസാരിക്കാൻ കഴിഞ്ഞില്ല.
ട്രീറ്റ്മെന്റ് നടക്കുമ്പോൾ രുക്മക്കു ഹൃദയം വേദനിച്ചു.
ഉദ്വർത്തത്തിനു ചേർക്കേണ്ട പൊടികൾ എടുക്കാൻ അവൾ മറന്നു.

“”അയാളുടെ സ്നേഹം സത്യമാണെന്നു ഞാൻ കരുതിയ ആ എട്ടു വർഷത്തിൽ അയാൾ ആരെയൊക്കെ സ്നേഹിച്ചെന്നോ ആരൊക്കെ അയാളെ സ്നേഹിച്ചെന്നോ എനിക്കറിയില്ല.””!!

അയാളുടെ ഭ്രാന്തിനു കാവലിരിക്കാൻ ഞാൻ മാസൊക്കിസ്റ്റ് അല്ല..!!””
പത്തു വർഷം അയാൾ സ്നേഹിച്ച അല്ലെങ്കിൽ അയാളെ സ്നേഹിച്ച ഒരുവൾ പറഞ്ഞ വാക്കുകൾ.
അപ്പോൾ നാലു വർഷം അയാൾ സമ്മാനിച്ച പീഡനങ്ങൾ ആനന്ദത്തോടെ ഓർത്തിരുന്ന താൻ എന്താണ്? ആരെയാണ് കാത്തിരിക്കുന്നത്??
ഏതു ദിവ്യ പ്രണയിനിയുടെ മുഖം മൂടിയിലാണ് താൻ ആത്മരതി അനുഭവിക്കുന്നത്??
അവരുടെ വാക്കുകൾ രുക്മയുടെ ചെവിക്കുള്ളിൽ ഓളം തല്ലി..
ഒരു തവണകൂടി ഹൃദയം മുറിഞ്ഞാൽ മുറിപ്പാടിൽ ഒഴുകാൻ ചോര ബാക്കി ഇല്ലെന്നു അറിയുന്ന അവൾ റോബിന്റെ നമ്പറിൽ വിളിച്ചു.

“സർ, ശ്രീരേഖയോടൊപ്പം ഒരു തെറാപ്പിസ്റ് കൂടെ വേണം എന്നല്ലേ പറഞ്ഞത് ,എനിക്ക് പാസ്പോർട്ട്. ഉണ്ടെന്നു അറിയിച്ചേക്കാമോ ? രേഖയോടൊപ്പം  ഞാനും വരാൻ റെഡിയാണ്.''

റോബിൻ സ്ഥാപനത്തിന്റെ ഡയറക്ടറുടെ മകനാണ് .അവരുടെ പുതിയ സംരംഭത്തിലേക്ക് അവളെക്കൂടി ക്ഷണിച്ചപ്പോൾ നിരാകരിച്ചതിനു അവൾക്കു പശ്ചാത്താപം തോന്നി.
ഇപ്പോൾ മാറ്റം ആവശ്യമാണ് .നശിച്ച കള്ളകർക്കിടകത്തിനു സത്യം പറയാൻ തോന്നിയല്ലോ

പിറ്റേന്ന് കർക്കിടകമാസത്തിലെ അവസാന ദിവസം ആയിരുന്നു. വീട്ടിൽ ആടിയറുതി ഉണ്ടാകും അമ്മമ്മ പഴയ ചൂലും മുറവും കുറച്ച പഴന്തുണിയും ഒക്കെ എടുത്തു കൂട്ടിയിട്ട് കത്തിക്കും.. മനസുകൊണ്ട് അവളും ചില വിഴുപ്പുകൾ അമ്മമ്മയുടെ ചവറു കൂനയിൽ ഉപേക്ഷിച്ചു.

രുക്കുക്കും സ്മിതയ്ക്കും ഓരോ പേപ്പർ കവറുകൾ നൽകി ആ സ്ത്രീ ഇറങ്ങുമ്പോൾ…,

ഹൃദയം നിറഞ്ഞ നന്ദി പറഞ്ഞ് കൊണ്ടു അവൾ ആ കവർ വാങ്ങി.
മനുവിന്റെ അടുത്തേയ്ക്ക് ഓടി. കവർ അവനു നേരെ നീട്ടി.
“എത്രയുണ്ട് എന്നറിയില്ല .അഡ്വാൻസ്” അവൾ കൈത്തണ്ട നീട്ടി കാണിച്ചു.
ആഹാ ...നല്ല ബുദ്ധി തോന്നിയോ ? നല്ലതാ നാളെ ചിങ്ങം ഒന്നല്ലേ ?
അവൻ കവർ തിരികെ കൊടുത്തു

“ഇത് തെറാപ്പിസ്റ്റുകളുടെ ക്വാറം തികച്ചതിനു എന്റെ വക ഫ്രീ “.അവൻ ചിരിച്ചു

അവൾ തിരികെ നടന്നു. ഒരു നിമിഷം നിന്നു എന്നിട്ട് വിളിച്ചു പറഞ്ഞു “വൈകിട്ട് വരാം.എന്റെ കൈയിൽ പറക്കുന്ന കിളികളെ ടാറ്റൂ ചെയ്യണം.
“ഫ്രീ ഫ്ലയിങ് ബർഡ്സ്…നെ!”

**********************************************

ആടിയറുതി --പഞ്ഞക്കർക്കിടകത്തെ  പുറത്താക്കി പൊന്നിൻ ചിങ്ങത്തെ വരവേൽക്കുന്ന  ആചാരം